# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 134 23.01.2018 ൽ മറുപടിക്ക്

**താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിലെ എരഞ്ഞോണ അബ്ദുൾ കരീം വധക്കേസിലെ പ്രതിപ്പട്ടിക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ. റഹീം | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ എരഞ്ഞോണ അബ്ദുൾ കരീം വധക്കേസിൽ ആരെയെല്ലാമാണ് പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ: | (എ) താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ എരഞ്ഞോണ അബ്ദുൾ കരീം വധക്കേസിൽ, നാളിതുവരെ അന്വേഷണത്തിൽ പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടവരുടെ വിവരം ചുവടെച്ചേർക്കുന്നു.<br>1. മിഥ് ലാജ് (24/14, S/o. അബ്ദുൾ കരീം)<br>2. ഫിർദൗസ് (22/14, S/o.അബ്ദുൾ കരീം)<br>3. മൈമൂന ഫായിദ് (43/14, W/o.അബ്ദുൾ കരീം)<br>4. മുഹമ്മദ് ഫായിസ് (32/14, S/o.മൊയ്തീൻ ഹാജി)<br>5. റഫീഖ് (26/14, S/o. സെയ്ഫുദ്ദീൻ) |
| (ബി) പ്രതികൾക്ക് ജാമ്യം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ജാമ്യ വ്യവസ്ഥകൾ എന്തെല്ലാമാണ്; | (ബി) ഉണ്ട്. ജാമ്യ വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) ജാമ്യത്തിലിറങ്ങിയ പ്രതികൾ സാക്ഷികളെ ഭീഷണിപ്പെടുത്തുകയും കൊല്ലപ്പെട്ട അബ്ദുൾ കരീമിന്റെ മാതാവ് കൈകാര്യം ചെയ്യുന്ന സ്വത്തുകൾ കയ്യേറി അവകാശം സ്ഥാപിക്കാൻ ശ്രമിച്ചതായും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) ഉണ്ട്. പരാതിക്കാരനെ നേരിൽ കണ്ട് അന്വേഷിച്ചതിൽ ഇപ്പോൾ പ്രശ്നങ്ങളൊന്നുമില്ലാത്തതിനാൽ പ്രസ്തുത പരാതിയിൽ തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |
| (ഡി) സ്വന്തം പിതാവിനെ വധിച്ച കേസിൽ പ്രതികളാവുകയും സാക്ഷികളെ ഭീഷണി പ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന പ്രതികളുടെ ജാമ്യം റദ്ദാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (ഡി) മേൽ പ്രസ്താവിച്ച പരാതിയല്ലാതെ പരാതിക്കാരനെ നിരന്തരം ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നതായ പരാതികളൊന്നും തന്നെ നിലവിലില്ല. ഇത്തരം പരാതികൾ ലഭിച്ചാൽ ആവശ്യമായ നടപടികളെടുത്ത് പ്രസ്തുത കേസ്സിലെ പ്രതികളുടെ ജാമ്യം റദ്ദാക്കുന്നത് അടക്കമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

## A1 & A2 എന്നിവരുടെ ജാമ്യവ്യവസ്ഥകൾ

(1) ഫൈനൽ റിപ്പോർട്ട് സമർപ്പിക്കുന്നതോ, മൂന്നു മാസമോ ഏതാണോ ആദ്യം വരുന്നത് അതുവരെ എല്ലാ തിങ്കളാഴ്ചയും, വെള്ളിയാഴ്ചയും 4 PM- ന്റേയും, 5 PMന്റേയും ഇടയിൽ പ്രതി അന്വേഷണ ഉദ്യോഗസ്ഥൻമുമ്പാകെ ഹാജരാകണം.

(2) അന്വേഷണ ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന സമയത്ത് അന്വേഷണ ഉദ്യാഗസ്ഥൻ മുമ്പാകെ ഹാജരാകണം.

(3) ജാമ്യക്കാലയളവിൽ പ്രതി ചെയ്ത കുറ്റകൃത്യങ്ങൾ ആവർത്തിക്കരുത്.

(4) പ്രതി, സാക്ഷികളെ ഭയപ്പെടുത്താനോ, സ്വാധീനിക്കാനോ പാടില്ല.

(5) ബഹു:JFCM-1 കോടതി (താമരശ്ശേരി)-യുടെ മുൻകൂർ അനുമതി ഇല്ലാതെ കോഴിക്കോട് ജില്ലവിട്ടുപോകാൻ പാടില്ല.

## A3 & A4 എന്നിവരുടെ ജാമ്യവ്യവസ്ഥകൾ

(1) 3-ാം പ്രതിയെ ഒരു ലക്ഷം രൂപയുടെ ബോണ്ടിനും തത്തുല്ല്യമായ തുകയ്ക്ക് കടംവീട്ടാൻ മുതലുള്ള 2 ആൾജാമ്യത്തിലും വിട്ടയക്കണം.

(2) ഫൈനൽ റിപ്പോർട്ട് സമർപ്പിക്കുന്നതോ, മൂന്നു മാസമോ ഏതാണോ ആദ്യം വരുന്നത് അതുവരെ എല്ലാ തിങ്കളാഴ്ചയും, വെള്ളിയാഴ്ചയും 4 PM- ന്റേയും, 5 PM-ന്റേയും ഇടയിൽ പ്രതി അന്വേഷണ ഉദ്യോഗസ്ഥൻമുമ്പാകെ ഹാജരാകണം.

(3) സാക്ഷികളെ സ്വാധീനിക്കാനോ, തെളിവു നശിപ്പിക്കാനോ പാടില്ല.

(4) ജാമ്യക്കാലയളവിൽ ഒരു കുറ്റകൃത്യത്തിലും ഏർപ്പെടാൻ പാടില്ല.

(5) ബഹു:JFCM-1 കോടതി (താമരശ്ശേരി)-യുടെ മുൻകൂർ അനുമതി ഇല്ലാതെ കോഴിക്കോട് ജില്ലവിട്ടുപോകാൻ പാടില്ല.

(6) പാസ്പോർട്ട് ഉണ്ടെങ്കിൽ ആയത് കോടതി മുമ്പാകെ സറണ്ടർചെയ്യണം അല്ലെങ്കിൽ സത്യവാങ്മൂലം സമർപ്പിക്കണം.

## A5-ന്റെ ജാമ്യവ്യവസ്ഥ.

1. 5-ാം പ്രതിയെ അൻപതിനായിരം രൂപയുടെ ബോണ്ടിനും തത്തുല്ല്യമായ തുകയ്ക്ക് കടംവീട്ടാൻ മുതലുള്ള 2 ആൾജാമ്യത്തിലും വിട്ടയക്കണം.
2. ഫൈനൽ റിപ്പോർട്ട് സമർപ്പിക്കുന്നതോ, മൂന്നു മാസമോ ഏതാണോ ആദ്യം വരുന്നത് അതുവരെ എല്ലാ തിങ്കളാഴ്ചയും, വെള്ളിയാഴ്ചയും 4 PMന്റേയും, 5 PMന്റേയും ഇടയിൽ പ്രതി അന്വേഷണ ഉദ്യോഗസ്ഥൻമുമ്പാകെ ഹാജരാകണം.
3. സാക്ഷികളെ സ്വാധീനിക്കാനോ, തെളിവു നശിപ്പിക്കാനോ പാടില്ല.
4. ജാമ്യക്കാലയളവിൽ ഒരു കുറ്റകൃത്യത്തിലും എർപ്പെടാൻ പാടില്ല.
5. ബഹു:JFCM-1 കോടതി (താമരശ്ശേരി)-യുടെ മുൻകൂർ അനുമതി ഇല്ലാതെ കോഴിക്കോട് ജില്ലവിട്ടുപോകാൻ പാടില്ല.

സെക്ഷൻ ഓഫീസർ